# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *235

15-07-2016 ൽ
മറുപടിയ്ക്ക്

## ജല സംരക്ഷണ മാർഗ്ഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീമതി.യു.പ്രതിഭാ ഹരി<br>പ്രൊഫ.കെ.യു.അരുണൻ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഭൂഗർഭ ജല സംരക്ഷണത്തിനായി ഭൂഗർഭജല റീചാർജിംഗ്, അക്വിഫർ മാപ്പിംഗ് തുടങ്ങിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഭൂജലസംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള "കേന്ദ്ര ഭൂജല ബോർഡ് - കേരള സർക്കിൾ"-ന്റെ മേൽനോട്ടത്തിൽ അക്വിഫർ മാപ്പിംഗ് നടന്നു വരുന്നു. ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളുടെ മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ജല സംരക്ഷണത്തിന്റെ അടിസ്ഥാനഘടകം നീർത്തട ങ്ങളാണെന്നതിനാൽ നീർത്തടങ്ങളെ നദീതടങ്ങളി ലേയ്ക്ക് സംയോജിപ്പിച്ച് കൊണ്ടുള്ള ജല സംരക്ഷണ പരിപാലനത്തിന് നടപടികൾ സ്വീകരിയ്ക്കുമോ; | (ബി) | ജല സംരക്ഷണത്തിന്റെ അടിസ്ഥാനഘടകം നീർത്തടങ്ങളാണെന്നതിനാൽ നീർത്തടങ്ങളെ നദീതടങ്ങളിലേയ്ക്ക് സംയോജിപ്പിച്ച് കൊണ്ടുള്ള ജലസംരക്ഷണ പരിപാലനത്തിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കുളങ്ങളുടെയും തോടുകളുടെയും പുനഃരുജ്ജീവനം, സംരക്ഷണം എന്നിവ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുക്കുന്നു. എന്നാൽ, ചെറു നീർത്തടങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നദീതടപരിപാലന പദ്ധതികൾ രൂപപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ജലാശയങ്ങളിലെ മലിനീകരണം പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പങ്കാളിത്ത സമീപനം സ്വീകരിയ്ക്കുമോ; വിശദാംശം നൽകുമോ? | (സി) | ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. എന്നാൽ, ജലാശയങ്ങളിൽ മാലിന്യ നിക്ഷേപം തുടരുന്നതായി കാണുന്നു. ഇത് തടയുന്നതിനും, നിലവിലുള്ള നിയമമനുസരിച്ച് നടപടികൾ ശക്തവും വേഗത്തിലുമാക്കുന്ന-തിനുമായി വിവിധ വകുപ്പുകളുടെ - തദ്ദേശ സ്വയം ഭരണം, ജലസേചനം, ആരോഗ്യം, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് - ഏകോപന സമിതി പ്രാദേശിക തലത്തിൽ രൂപീകരിക്കുന്നതു സംബന്ധിച്ച് ആലോചിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**